**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 6336 20.11.2019-ൽ മറുപടിയ്ക്ക്

## തൊഴിൽരഹിത വേതനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ടി. പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽരഹിത വേതനം ലഭിക്കുന്നതിന് പതിനഞ്ച് ദിവസം മുമ്പ് അർഹതയുള്ളവർ വെരിഫിക്കേഷൻ നടത്തണമെന്ന നിബന്ധന കൊണ്ടുവന്നിട്ടുണ്ടോ;<br>(ബി) ഏതൊക്കെ രേഖകളാണ് വെരിഫിക്കേഷൻ സമയത്ത് നൽകേണ്ടത്; അവരിൽ നിന്നും സത്യവാങ്മൂലം ഒപ്പിട്ട് വാങ്ങുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;<br>(സി) തൊഴിൽരഹിത വേതനം കൈപ്പറ്റുവാൻ ആധാറുമായി ലിങ്ക് ചെയ്ത പാസ്സ് ബുക്കിന്റെ പകർപ്പ് | (എ)<br>യും<br>(ബി)<br>യും<br>(സി)<br>യും | തൊഴിൽരഹിത വേതന പദ്ധതി വിതരണത്തിന് പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ 15/10/2019 ലെ സ.ഉ. (അച്ചടി) നം. 139/2019/ധന പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കായി അനുബന്ധമായി ചേർക്കുന്നു. |

തദ്ദേശസ്വയംഭരണ
സ്ഥാപനങ്ങളിൽ
ഹാജരാക്കേണ്ടതുണ്ടോ;
ആയത് ഹാജരാക്കി
യില്ലെങ്കിൽ തൊഴിൽ
രഹിത വേതനം നിഷേധി
ക്കുവാൻ തീരുമാനി
ച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സെക്ഷൻ ഓഫീസർ

അനുബന്ധം



23 OCT 2019

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - 1998-ലെ കേരള തൊഴിൽ രഹിത വേതന പദ്ധതി - മാർഗ്ഗ നിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (തൊഴിൽ) വകുപ്പ്**

സ.ഉ.( അച്ചടി) നം.139/2019/ധന                    തീയതി തിരുവനന്തപുരം, 15.10.2019

---

പരാമർശം :- ജി.ഒ.(പി) നം.23/1998/തൊഴിൽ തീയതി 28/05/1998.

**ഉത്തരവ്**

സർക്കാർ തലത്തിലുള്ള സാമ്പത്തിക സേവനങ്ങൾ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്ന സംവിധാനത്തിലേയ്ക്ക് വിവിധ വകുപ്പുകൾ മാറിക്കൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ തൊഴിൽ രഹിത വേതന വിതരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സർക്കാർ പരിശോധിച്ച് ചുവടെ ചേർത്തിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. തൊഴിൽരഹിത വേതനത്തിന് പുതുതായി അപേക്ഷിക്കുന്നവർ അപേക്ഷയോടൊപ്പം ബാങ്ക് പാസ്സ് ബുക്കിന്റെയും ആധാർ കാർഡിന്റെയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സമർപ്പിക്കേണ്ടതാണ്. ആയതിന് പരാമർശം (1) ഉത്തരവ് പ്രകാരമുള്ള അപേക്ഷ ഫാറത്തിൽ (ഫാറം നമ്പർ 1) ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് നമ്പർ, ആധാർ നമ്പർ എന്നിവ ഉൾപ്പെടുത്തി ആവശ്യമായ ഭേദഗതി വരുത്തേണ്ടതാണ്.
2. നിലവിൽ തൊഴിൽരഹിത വേതനം കൈപ്പറ്റിവരുന്ന ഗുണഭോക്താക്കൾ ആധാർ നമ്പർ ലിങ്ക് ചെയ്തിട്ടുള്ള ബാങ്ക് പാസ് ബുക്കിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് 2019 ഡിസംബർ 31 നകം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നേരിട്ട് ഹാജരായി സമർപ്പിക്കേണ്ടതാണ്. ബാങ്ക് അക്കൗണ്ട് നമ്പർ ഹാജരാക്കാത്തവർക്ക് തുടർന്ന് തൊഴിൽരഹിത വേതനം അനുവദിച്ച് നൽകുന്നതല്ല.
3. ഇനിമുതൽ തൊഴിൽരഹിത വേതനം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴി മാത്രം വിതരണം നടത്തേണ്ടതാണ്.
4. സർക്കാരിൽ നിന്നും അനുവദിക്കുന്ന തുക എംപ്ലോയ്മെന്റ് ഡയറക്ടർ ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ ജില്ലാ എംപ്ലായ്മെന്റ് ഓഫീസർമാർക്കും, ജില്ലാ എംപ്ലായ്മെന്റ് ഓഫീസർമാർ അനുവദനീയമായ തുക ബന്ധപ്പെട്ട ജില്ലകളിലെ പ്രാദേശിക സർക്കാരുകൾക്കും അലോട്ട്മെന്റായി നൽകേണ്ടതാണ്. ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകൾ ട്രഷറി മുഖേന അർഹതയുള്ള ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് തുക കൈമാറ്റം ചെയ്യേണ്ടതാണ്.
5. തൊഴിൽരഹിത വേതനം കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കൽ നില, വ്യക്തിഗത/ കുടുംബ വാർഷിക വരുമാനം, തൊഴിൽ നില, താമസം (മേൽവിലാസം) മുതലായവ എല്ലാ മാസവും വ്യത്യാസപ്പെടാൻ സാധ്യതയുള്ളതിനാൽ

ഓരോ തവണയും തൊഴിൽരഹിത വേതനം ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് അനുവദിക്കുന്നതിന് 15 ദിവസം മുമ്പ് ഗുണഭോക്താവ് മേൽപ്പറഞ്ഞവ തെളിയിക്കുന്ന് ബന്ധപ്പെട്ട രേഖകൾ സഹിതം നേരിട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഹാജരായി വെരിഫിക്കേഷൻ നടത്തേണ്ടതാണ്. ഓരോ പ്രാവശ്യവും നേരിട്ട് വെരിഫിക്കേഷന് ഹാജരാകുന്ന ഗുണഭോക്താവിന്റെ ഫോട്ടോ ഐ.ഡി. കാർഡ് രേഖകളും പരിശോധിച്ച് ഗുണഭോക്താവാണ് എന്ന് ഉറപ്പ് വരുത്തി ടിയാളിൽ നിന്നും അർഹത സംബന്ധിച്ച് സത്യവാങ്മൂലം എഴുതി വാങ്ങി സൂക്ഷിക്കേണ്ടതും അക്വിറ്റൻസ് രജിസ്റ്ററിൽ (ഫോറം നമ്പർ 6) തീയതി വച്ച് ഒപ്പ് രേഖപ്പെടുത്തേണ്ടതുമാണ്.

6. തൊഴിൽരഹിത വേതന വിതരണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിക്കുമ്പോൾ ഗുണഭോക്താവ് വെരിഫിക്കേഷന് നേരിട്ട് ഹാജരായി സത്യവാങ്മൂലം നൽകിയിട്ടുണ്ടെന്ന് തദ്ദേശ .സ്വയംഭരണാധികാരി സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റിലുള്ള ഗുണഭോക്താക്കൾക്ക് മാത്രം തൊഴിൽരഹിത വേതനത്തിനുള്ള ഫണ്ട് എംപ്ലോയ്മെന്റ് വകുപ്പ് വഴി അനുവദിക്കേണ്ടതാണ്. വെരിഫിക്കേഷന് നേരിട്ട് ഹാജരായി നടപടിക്രമങ്ങൾ പാലിക്കാത്തവർക്ക് തൊഴിൽരഹിത വേതനം അനുവദിക്കാൻ പാട്ടുള്ളതല്ല.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ടി.എസ്. മജീദ്**

**സ്പെഷ്യൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ ) തിരുവനന്തപുരം
തൊഴിലും നൈപുണ്യവും വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പ്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
എംപ്ലോയ്മെന്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരകാര്യ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
നോഡൽ ഓഫീസർ www.finance.kerala.gov.in
വെബ് ആന്റ് ന്യൂ മീഡിയ, വിവരവും പൊതുജന സമ്പർക്കവും വകുപ്പ്
കരുതൽ ഫയൽ /ഓഫീസ് പകർപ്പ് (E-1292718 )

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ